ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്.

(സി) പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എന്നിവയാണ് ഇതുമായി സഹകരിച്ചത്.

യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ പഠനം

25(*505) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ, വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങളെ കുറിച്ച് പഠനം നടത്താൻ ഉദ്ദേശമുണ്ടോ ;

(ബി) സംസ്ഥാനം നേരിടുന്ന സ്ഥല ലഭ്യതയുടെ പരിമിതി മറികടക്കാൻ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി യാത്രാ സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ എങ്കിൽ വിശദമാക്കുമോ ;

(സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്താനും, വികസനം വേണ്ട മേഖലകൾ കണ്ടെത്താനും സംവിധാനം ഏർപ്പെടുത്തുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പക്ഷെ ഓരോ വർഷവും റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങൾ കേരളത്തിലെ എം.പി.-മാരുമായും റെയിൽവേ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്ത് നിവേദനം തയ്യാറാക്കി കേന്ദ്ര റെയിൽ മന്ത്രാലയത്തിനും കേന്ദ്ര സർക്കാരിനും സമർപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി കൊണ്ടും മെമു/മെമുറേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി, 50% തുല്യ ഓഹരി പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റെയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഒരു കരട് ധാരണാ പത്രവും (MOU) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

(സി) തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള പദ്ധതി നടപ്പാക്കുന്നതി നോടനുബന്ധിച്ച് രണ്ടാംഘട്ടമായി അത് എറണാകുളത്തേക്കോ മലബാറിലേക്കോ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്താവുന്നതാണ്.

വൈദ്യുതി നിരക്ക് വർദ്ധനവ്

26 (*506) <u>ശ്രീ. സാജു പോൾ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷന് മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിൽ റെഗുലേറ്ററി കമ്മീഷൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly